# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/250/2018 2018 നവംബർ 23

## എം.ജി. വാർത്താക്കുറിപ്പ്

---

**എം.ജി.യുടെ 'സമക്ഷ'ത്തിന് മികച്ച സ്വീകരണം**

### ആദ്യ സർവകലാശാല സിനിമയുടെ ഭാഗമാകാനായത് അഭിമാനം: കൈലാഷ്

ഇന്ത്യയിൽ ആദ്യമായി ഒരു സർവകലാശാല പുറത്തിറക്കിയ മികച്ച സിനിമയുടെ ഭാഗമാകാൻ കഴിഞ്ഞത് അഭിമാനകരമെന്ന് നടൻ കൈലാഷ് . മഹാത്മാ ഗാന്ധി സർവകലാശാല നിർമ്മിച്ച 'സമക്ഷം' സിനിമയുടെ റിലീസിങ്ങിനുശേഷം കോട്ടയം പ്രസ് ക്ലബ്ബിൽ മാധ്യമപ്രവർത്തകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹിക പ്രസക്തമായ ഒരു വിഷയം വിനോദ മാർഗത്തിലൂടെ സമൂഹത്തിൽ എത്തിക്കാനുള്ള ശ്രമമാണ് സമക്ഷത്തിലൂടെ നിർവഹിക്കുന്നതെന്ന് സംവിധായകൻ ഡോ . അജു കെ. നാരായണൻ പറഞ്ഞു. സിനിമ ബിരുദ, ബിരുദാനന്തര ബിരുദ പാഠ്യവിഷയമാകുമെന്ന് നിർമ്മാതാവായ രജിസ്ട്രാർ എം .ആർ. ഉണ്ണി പറഞ്ഞു. സോഹൻ സീനുലാൽ, മാസ്റ്റർ ഡാവിഞ്ചി എന്നിവർ സംസാരിച്ചു.

കോട്ടയം ആഷ തീയേറ്ററിൽ നടന്ന പ്രഥമ പ്രദർശനം കാണാൻ കോട്ടയത്തിന്റെ സാംസ് കാരിക ലോകം ഒഴുകിയെത്തി . ജസ്റ്റിസ് കെ .ടി. തോമസ്, മുതിർന്ന മാധ്യമ പ്രവർത്തകൻ ജോസ് പനച്ചിപ്പുറം , സിൻഡിക്കേറ്റംഗങ്ങളായ അഡ്വ . പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, വി.എസ്. പ്രവീൺകുമാർ, ഡോ. കെ. ജയചന്ദ്രൻ, പ്രൊഫ. കെ.എം.കൃഷ്ണൻ, പ്രൊഫ. സന്തോഷ് പി. തമ്പി, ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, മാധ്യമ പ്രവർത്തകർ, ചലച്ചിത്ര പ്രവർത്തകർ എന്നിവർ ആദ്യ ഷോയ്ക്ക് എത്തി. സംസ്ഥാനത്ത് റിലീസ് ചെയ്ത ഒൻപത് കേന്ദ്രങ്ങളിലും മികച്ച പ്രതികരണമാണ് സിനിമയ്ക്ക് ലഭിച്ചത്. രാജ്യത്ത് ഇതാദ്യമായാണ് ഒരു സർവകലാശാല മുഴുനീളസിനിമ നിർമിക്കുന്നത്.

**ഫോട്ടോക്യാപ്ഷൻ**

**എം.ജി. സർവകലാശാലയുടെ 'സമക്ഷം' സിനിമയുടെ ആദ്യഷോ കണ്ടശേഷം പുറത്തിറങ്ങിയ ജസ്റ്റിസ് കെ.ടി. തോമസ് സിനിമയിലെ നായകൻ കൈലാഷിനോടും സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാറിനോടും കുശലം പറയുന്നു**

**എം.ജി. സർവകലാശാലയുടെ 'സമക്ഷം' സിനിമയുടെ അണിയറ പ്രവർത്തകർ പ്രസ്ക്ലബ്ബിൽ നടത്തിയ മുഖാമുഖം പരിപാടി**

## പരീക്ഷ സമയക്രമം

മൂന്നാം സെമസ്റ്റർ സി .ബി.സി.എസ്.എസ്. ( 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ രാവിലെ 9.30 മുതൽ 12.30 വരെയും മൂന്നാം സെമസ്റ്റർ സി .ബി.സി.എസ്. ( പുതിയ സ് കീം - 2017 അഡ്മിഷൻ) പരീക്ഷകൾ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും (വെള്ളിയാഴ്ചകളിൽ രണ്ടു മുതൽ അഞ്ചു വരെയും ) നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ എൽ .എൽ.എം (ഏകവത്സരം) പരീക്ഷ ഡിസംബർ ഏഴിന് ആരംഭിക്കും . അപേക്ഷ പിഴയില്ലാതെ നവംബർ 28വരെയും 500 രൂപ പിഴയോടെ 29 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം .ബി.എ. ( പുതിയ സ് കീം - 2018 അഡ്മിഷൻ റഗുലർ /2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 14 ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 27 വരെയും 500 രൂപ പിഴയോടെ 28 വരെയും 1000 രൂപ സൂപ്പർഫൈനോടെ 30 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നി ന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി .ബി.സി.എസ്. (പുതിയ സ്കീം റഗുലർ - 2018 അഡ്മിഷൻ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്/ഇംപ്രൂവ്മെന്റ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 28 മുതൽ 30 വരെയും 500 രൂപ പിഴയോടെ ഡിസംബർ ഒന്നു മുതൽ മൂന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ നാലു മുതൽ അഞ്ചു വരെയും അപേക്ഷിക്കാം . അപേക്ഷകർ മാർക്ക് ലിസ്റ്റ് ഫീസായി 50 രൂപയും ആപ്ലിക്കേഷൻ ഫീസായി 25 രൂപയും അടയ്ക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.എസ്സി. ഇലക്ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഒക്ടോബർ 2018 പരിക്ഷയുടെ മൈക്രോ കൺട്രോളർ ലാബ് ഡിസംബർ 17, 18 തീയതികളിലും കമ്മ്യൂണിക്കേഷൻ ലാബ് ഡിസംബർ 13, 14 തീയതികളിലും അതത് കോളേജുകളിൽ നടക്കും . അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.എസ്സി. കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക് ട്രോണിക്സ് (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 14ന് ആലുവ യു.സി. കോളേജിൽ നടക്കും.

## പരീക്ഷാഫലം

2018 ഏപ്രിലിൽ നടന്ന എം .എസ്സി. ഫിസിക്സ് (ഫൈനൽ) മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ അഞ്ചു വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി .എഡ്. (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ അഞ്ചുവരെ അപേക്ഷിക്കാം.

## 'സവിശേഷ പഠനപ്രശ്നങ്ങൾ': എം.ജി.യിൽ

## രാജ്യാന്തര സെമിനാറിന് തുടക്കം

വിദ്യാഭ്യാസ മനഃശാസ്ത്ര വിഷയങ്ങളി ൽ വിദേശ സർവകലാശാലകളുമായി സഹകരി ച്ച് ഗവേഷണം പ്രോത്സാഹിപ്പിക്കുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്ന അദ്ദേഹം.

പഠനപ്രശ്നങ്ങളും പഠനവൈകല്യങ്ങളും ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ടെന്നും മേഖലയിൽ ശാസ്ത്രീയ ഗവേഷണം പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു . ഡോ. രാജീവ്കുമാർ അധ്യക്ഷത വഹിച്ചു . ഡോ. ജെസീർ മുഖ്യപ്രഭാഷണം നടത്തി. ഡോ. അമീൻ അൽ ജമാൽ മുഖ്യാതിഥിയായിരുന്നു. ഡോ. വുറോക് ചാൻ മാലിത് വിഷയാവതരണം നടത്തി. ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, ഡോ. കെ.എം. മുസ്തഫ, പ്രൊഫ. സുകുമാരൻ, പ്രൊഫ. എസ്. രാജു, ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു . രാജ്യാന്തര സെമിനാർ ഇന്ന് (നവംബർ 24) അവസാനിക്കും. സമാപന സമ്മേള നത്തിൽ പ്രൊഫ . രാജീവ് കുമാർ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം ഡോ. ആർ പ്രഗാഷ് സർട്ടിഫിക്കറ്റ് വിതരണവും മുഖ്യ പ്രഭാഷണവും നടത്തും. സുല്യ എ. നൗഷാദ്, എം.എം. അനഘ എന്നിവർ പങ്കെടുക്കും.

**ഫോട്ടോ ക്യാപ്ഷൻ**

**എം.ജി. സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് ഡിസെബിലിറ്റിയും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## സഹകരണ ബാങ്ക് ക്ലർക്ക് പരീക്ഷാ പരിശീലനം

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്കായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേ ഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ നവംബർ 26ന് ആരംഭിക്കുന്ന സഹകരണ ബാങ്ക് ജൂനിയർ ക്ലർക്ക് പരീക്ഷാ പരിശീലന പരിപാടിയിൽ ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481 - 2731025.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ